# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 29

**28.05.2019-ൽ മറുപടിയ്ക്ക്**

### ആയുഷ് കോൺക്ലേവ്

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2019 ഫെബ്രുവരിയിൽ നടത്തിയ ആയുഷ് കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | 2019 ഫെബ്രുവരിയിൽ നടത്തിയ ആയുഷ് കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ ശാസ്ത്രീയ അടിത്തറ വിപുലപ്പെടുത്തുകയും അവയെ ലോകസമക്ഷം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.<br>2) ആയുഷ് ചികിത്സാ സമ്പ്രദായങ്ങളിൽ അധിഷ്ഠിതമായ വെൽനെസ് ടൂറിസം മേഖലയിൽ കേരളത്തെ ഒന്നാമതായി അടയാളപ്പെടുത്തുകയും ഈ മേഖലയിലെ വിദഗ്ധരെ കേരളത്തിന് പരിചയപ്പെടുത്തുകയും നമ്മുടെ വൈദഗ്ധ്യമാർന്ന മാനവവിഭവശേഷി ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുയും ചെയ്യുക.<br>3) ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ വിവിധ സ്പെഷ്യാലിറ്റി ചികിത്സാരീതികൾ ലോകമെങ്ങും പരിചയപ്പെടുത്തുക.<br>4) ശാസ്ത്ര സാങ്കേതിക വ്യാവസായിക മേഖലയിലെ പുതിയ കണ്ടെത്തലുകൾ ആയുഷ് മേഖലയ്ക്ക് മനസ്സിലാക്കാനും സ്വാംശീകരിക്കാനും അവസരം ഒരുക്കുക.<br>5) അന്താരാഷ്ട്ര മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളും സംരംഭകരുമായി കേരളത്തിലെ ആയുഷ് മേഖലയ്ക്ക് പരസ്പര |

| | | | |
|---|---|---|---|
| | | | സഹകരണത്തിനുള്ള അവസരം സൃഷ്ടിക്കുക.<br>6) ആയുഷ് ഉത്പന്നങ്ങൾ, ചികിത്സാരീതികൾ, ചികിത്സകൾ എന്നിവയുടെ ഗുണനിലവാരം ഉയർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br>7) പൊതുജനാരോഗ്യമേഖലയിൽ ഏറ്റവും ജനകീയവും ചെലവു കുറഞ്ഞതും തദ്ദേശീയവുമായ വൈദ്യസമ്പ്രദായങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരളആരോഗ്യമാതൃകയെ ശക്തിപ്പെടുത്തുക.<br>8) ആയുഷ് അധിഷ്ഠിതമായ ചർച്ചകളിലൂടെ ആരോഗ്യമേഖലയിലെ നയരൂപീകരണ യത്നങ്ങളെ സമ്പുഷ്ടമാക്കുക |
| (ബി) | ആയുഷ് കോൺക്ലേവിൽ എന്തൊക്കെ പരിപാടികളാണ് നടന്നതെന്നും അവ ആയുഷ് ചികിത്സാ വിഭാഗങ്ങളുടെ പുരോഗതിക്ക് ഏതൊക്കെ തരത്തിൽ ഗുണകരമാകുമെന്നും വ്യക്തമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആയുഷ് ഹെൽത്ത് ബസാറിന്റെ പ്രവർത്തനം വിശദമാക്കുമോ; ഔഷധ നിർമ്മാതാക്കൾക്ക് അവരുടെ മാർക്കറ്റ് വിപുലപ്പെടുത്തുന്നതിന് ഇത് ഏതൊക്കെ തരത്തിൽ സഹായകരമാകും എന്ന് അറിയിക്കുമോ; | (സി) | ആയുഷ് ഹെൽത്ത് ബസാർ ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിലെ ബിസിനസ് മീറ്റിന്റെ ഭാഗമായിരുന്നു. ഹെർബൽ ബസാർ, ആയുഷ് ഹെൽത്ത് ട്രാവൽ ബസാർ എന്നിവയായിരുന്നു അതിന്റെ ഘടകങ്ങൾ. ഹെർബൽ ബസാറിൽ ഔഷധ നിർമ്മാതാക്കൾക്ക് അവരുടെ മാർക്കറ്റ് വിപുലപ്പെടുത്തുന്നതിന് സഹായകമായി അന്താരാഷ്ട്രതലത്തിലുള്ള വില്പനക്കാരുടെയും വാങ്ങുന്നവരുടെയും അന്യോന്യമുള്ള ചർച്ചകളും ലോക വിപണിയിൽ വിവിധ രാജ്യങ്ങളിലേയ്ക്ക് ഔഷധ/ആയുഷ് അധിഷ്ഠിത ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച അവതരണങ്ങളും ഉണ്ടായിരുന്നു. ഹെൽത്ത് ബസാറിൽ പങ്കെടുത്ത ഔഷധ നിർമ്മാതാക്കൾക്ക് ദേശീയ അന്തർദേശീയ മാർക്കറ്റിനെ പരിചയപ്പെടാനുള്ള അവസരങ്ങളും വിദേശബിസിനസ് |

| | | | |
|---|---|---|---|
| | | | പ്രതിനിധികളുമായി ചർച്ചകൾക്ക് അവസരം ഒരുക്കിയിരുന്നു. |
| (ഡി) | ആയുഷ് കോൺക്ലേവിൽ മെച്ചപ്പെട്ട പൊതുജനാരോഗ്യ പ്രോജക്ടുകൾ പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അവസരം ഒരുക്കിയിരുന്നോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | ആയുഷ് മേഖലയിലെ മികച്ച പൊതുജനാരോഗ്യ തദ്ദേശസ്വയംഭരണ സ്ഥാപന പ്രോജക്ടുകൾ പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി എൽ.എസ്.ജി. ലീഡേഴ്സ് മീറ്റ് എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ മേഖലയിലെ സ്ഥാപന മേധാവികളുടെ സാന്നിധ്യത്തിലാണ് തെരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകളുടെ അവതരണം നടന്നത്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കപ്പെട്ട പ്രോജക്ടുകളാണ് അവതരിപ്പിക്കപ്പെട്ടത്. പ്രസ്തുത പ്രോജക്ടുകൾ പുസ്തകരൂപത്തിൽ ആയുഷ് കോൺക്ലേവിന്റെ ഭാഗമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപകൽപന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമാകും വിധമാണ് പരിപാടി നടന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ആയുഷ് കോൺക്ലേവിൽ നടന്ന പരിപാടികൾ

1) അന്താരാഷ്ട്ര സെമിനാർ

പൊതുജനാരോഗ്യമേഖലയുടെ വിവിധ തലങ്ങളിൽ ആയുഷ് ചികിത്സാസമ്പ്രദായങ്ങളും ഇടപെടലുകളും വിശാലസാധ്യതകളും എന്നതായിരുന്നു വിഷയം. ഫലപ്രദമായ പൊതുജനാരോഗ്യപ്രവർത്തനങ്ങൾ നടത്തുന്നതിന് ആയുഷിന്റെ സാധ്യതകൾ ചർച്ച ചെയ്യുതിലൂടെ ഭാവിയിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് അന്താരാഷ്ട്ര സെമിനാർ ഗുണകരമാകും.

2) നാഷണൽ ആരോഗ്യ എക്സ്പോ

ആയുഷ് ചികിത്സാസമ്പ്രദായങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുന്ന തരത്തിലുള്ള ഹോംപവലിയൻ, ഔഷധനിർമ്മാതാക്കളുടെ പവിലയനുകളും സ്റ്റാളുകളും വിവിധ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ പവലിയനുകൾ എക്സ്പോയിലുണ്ടായിരുന്നു. വിപുലമായ ഔഷധസസ്യ പ്രദർശനവും എക്സ്പോയിൽ സംഘടിപ്പിക്കപ്പെട്ടു. ജനങ്ങൾക്ക് ഈ മേഖലയിലെ സർക്കാർപൊതുമേഖല സ്വകാര്യമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചും, ആയുഷ് ചികിത്സാസമ്പ്രദായങ്ങളെ കുറിച്ച് പൊതുവെയും ധാരണ ലഭിക്കുവാനാണ് ആയുഷ് എക്സ്പോ സംഘടിപ്പിച്ചത് .

3) ബിസിനസ് മീറ്റ്

ആയുഷ് ഹെൽത്ത് ബസാർ ഔഷധനിർമ്മാതാക്കൾക്ക് അവരുടെ മാർക്കറ്റ് വിപുലപ്പെടുത്തുന്നതിന് സഹായകമായി വിൽപനക്കാരുടെയും വാങ്ങുന്നവരുടെയും കൂടിച്ചേരലും ചർച്ചയും (ഹെർബൽ ബസാർ എന്ന പേരിൽ) കേരളത്തിലെ ആയുഷ് മേഖലയിലെ വിവിധ ചികിത്സാ സ്ഥാപനങ്ങളും ഈ രംഗത്തുള്ള ദേശീയന്തർദേശീയ ടൂർപ്രാമോട്ടർമാരും അന്താരാഷ്ട്ര ആരോഗ്യ വിനോദസഞ്ചാര മാധ്യമപ്രതിനിധികളും പങ്കെടുക്കുന്ന ആയുഷ് ഹെൽത്ത് ട്രാവൽബസാർ എന്ന സെഷൻ ബിസിനസ് മീറ്റിന്റെ ഭാഗമായി നടന്നു. ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി ഔഷധനിർമ്മാതാക്കൾക്ക് വിപണി വിപുലപ്പെടുത്തുന്നതിനുള്ള അവസരവും ആയുഷ് ചികിത്സാസ്ഥാപനങ്ങൾക്ക് വെൽനസ് ടൂറിസത്തിലും രോഗചികിത്സാരംഗത്തും ദേശീയവും അന്തർദേശീയവുമായ ടൂർ ഓപ്പറേറ്റർമാർക്ക് കൂടുതൽ അവസരം ഒരുക്കുന്നതിന് ബിസിനസ് മീറ്റ് സഹായിക്കും.

4. എൽ.എസ്.ജി. ലീഡേഴ്സ് മീറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി നടത്തപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട പൊതുജനാരോഗ്യ പ്രോജക്ടുകൾ ചർച്ച ചെയ്യുന്നതിനും അവയിൽ മികവുറ്റവരെ സംസ്ഥാനം ഒട്ടാകെ വ്യാപിക്കുന്നതിനുള്ള അവസരം ഒരുക്കാൻ സംഘടിപ്പിച്ച പരിപാടിയാണ് എൽ.എസ്.ജി. ലീഡേഴ്സ് മീറ്റ്. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളേയും ഈ പരിപാടിയിൽ ക്ഷണിച്ചിരുന്നു.

പൊതുജനാരോഗ്യ മേഖലയിൽ ജനോപകാരപ്രദമായ ആയുഷ് പ്രോജക്ടുകൾ രൂപീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യം.

5 ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി ഹോമിയോപ്പതി ഔഷധനയം ശില്പശാല

ആരോഗ്യസംരക്ഷണത്തിൽ വലിയ പങ്ക് വഹിക്കുന്നതോടൊപ്പം വ്യവസായം എന്ന നിലയിലും ആയുഷ് ഔഷധ നിർമ്മാണ മേഖലയ്ക്ക് സാധ്യതകൾ ഉള്ളതിനാൽ ഔഷധസസ്യകൃഷി മുതൽ ഔഷധ നിർമ്മാണം, വിപണനം, ചികിത്സ തുടങ്ങിയ വിവിധ മേഖലകളെ സ്പർശിക്കുന്ന ഒരു നയത്തിലേയ്ക്ക് വഴിയൊരുക്കുന്നതിനു വേണ്ട ചർച്ചകൾ നടത്താൻ ഉദ്ദേശിച്ചാണ് ശില്പശാല നടത്തിയത്.

6) ആരോഗ്യവും ആഹാരവും ശില്പശാല"

ജീവിതശൈലി രോഗങ്ങളുടെ വ്യാപനം ഒരു ആരോഗ്യപ്രശ്നമായി നിലനിൽക്കുന്ന സാഹചര്യത്തിൽ ആരോഗ്യകരമായ ആഹാരത്തെ കുറിച്ച് ചർച്ച ചെയ്യുകയാണ് ഈ ശില്പശാല കൊണ്ട് ഉദ്ദേശിച്ചത്. ആരോഗ്യകരമായ ആഹാരശീലങ്ങൾ പ്രചരിപ്പിക്കാനും നല്ല ഭക്ഷണമാതൃകകൾ ജനങ്ങളിൽ എത്തിക്കാനും ശില്പശാല പ്രയോജനപ്പെട്ടു.

7) ഔഷധ കർഷക സംഗമം (Farmers Meet)

ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഔഷധസസ്യകർഷകരുടെയും കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവരുടെയും സംഗമമായിരുന്നു ഫാർമേഴ്സ് മീറ്റ്. ഔഷധ കർഷക സംഗമത്തിൽ (Farmers Meet) കേരളത്തിലെ എല്ലാ ജില്ലയിൽ നിന്നുമുള്ള കർഷകരെ പങ്കെടുപ്പിക്കുകയും ഔഷധസസ്യകൃഷിയുടെ ആവശ്യകതയും സാധ്യതകളും കർഷകരെ ബോധ്യപ്പെടുത്താനും സാധിച്ചു.

8) ആയുഷ് സ്റ്റാർട്ട് അപ് കോൺക്ലേവ്

ആയുഷ് മേഖലയിൽ നവസംരംഭകത്വം വളർത്തുന്നതിനു വേണ്ടി സംഘടിപ്പിച്ച പരിപാടിയാണ് ആയുഷ് സ്റ്റാർട്ട് അപ് കോൺക്ലേവ്. ഈ മേഖലയിലെ പുതിയ ആശയങ്ങൾ വളർത്തുകയും അവയ്ക്ക് വ്യവസായമേഖലയുടെ പിൻതുണ ഉറപ്പാക്കാനുമാണ് പ്രസ്തുത പരിപാടി നടത്തിയത്. കേരള സ്റ്റാർട്ടപ് മിഷനും വ്യവസായസമൂഹവും സജീവമായി പങ്കെടുത്തതു വഴി ആയുഷ് സ്റ്റാർട്ട് അപ്കൾക്ക് കൂടുതൽ അവസരം ഉണ്ടാകും.

സെക്ഷൻ ഓഫീസർ